**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 301** **16-09-2025 - ൽ മറുപടിയ്ക്ക്**

**ബി.പി.എൽ, എ.എ.വൈ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ എത്ര ബി.പി.എൽ, എ.എ.വൈ. കാർഡുകൾ പുതുതായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽവന്നതിനു ശേഷം സംസ്ഥാനത്ത് ആകെ 5,73,789 മുൻഗണനാ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. കുന്നത്തുനാട് മണ്ഡലത്തിൽ 2864 മുൻഗണനാ വിഭാഗം കാർഡുകളും, 164 എ.എ.വൈ വിഭാഗം കാർഡുകളും പുതുതായി നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനായി എത്ര അപേക്ഷകൾ ബി.പി.എൽ, എ.എ.വൈ. വിഭാഗത്തിലേക്ക് മാറ്റുന്നതിനായി ലഭ്യമായിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് അനുവദിച്ചു എന്ന കണക്ക് വ്യക്തമാക്കാമോ; | (ബി) | മുൻഗണനാ വിഭാഗത്തിലേക്കുള്ള 3527 അപേക്ഷകൾ പരിശോധിച്ച് അർഹരായ 2864 പേർക്ക് പി.എച്ച്.എച്ച്. കാർഡുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ 183 എ.എ.വൈ കാർഡിനുള്ള അപേക്ഷകൾ പരിശോധിച്ച് അർഹരായ 164 പേർക്ക് എ.എ.വൈ കാർഡുകളും അനുവദിച്ചിട്ടുണ്ട്. |
| (സി) | അനർഹരായ എത്ര പേരെ ബി.പി.എൽ, എ.എ.വൈ. കാർഡുകളിൽ നിന്നും ഒഴിവാക്കിയെന്ന് വ്യക്തമാക്കാമോ; | (സി) | പി.എച്ച്.എച്ച്. വിഭാഗത്തിൽ നിന്നും 1085 കാർഡുകളും എ.എ.വൈ. വിഭാഗത്തിൽ നിന്നും 198 കാർഡുകളും ഒഴിവാക്കിയിട്ടുണ്ട്. |
| (ഡി) | ബി.പി.എൽ, എ.എ.വൈ. കാർഡുകളിലേക്ക് മാറ്റുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള അർഹരായ മുഴുവൻ അപേക്ഷകർക്കും വേഗത്തിൽ ബി.പി.എൽ, എ.എ.വൈ. കാർഡുകൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഡി) | മുൻഗണനാ കാർഡുകൾക്കുള്ള അപേക്ഷകൾ ഓൺലൈനായിട്ടാണ് സ്വീകരിക്കുന്നത്. എ.എ.വൈ കാർഡിനുള്ള അപേക്ഷകൾ നേരിട്ടും സ്വീകരിച്ചു വരുന്നു. അർഹമായ എല്ലാ കാർഡുകളും മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഗുരുതര രോഗവുമായി ബന്ധപ്പെട്ട ചികിത്സാ ആവശ്യങ്ങൾക്കായി കാർഡ് തരം മാറ്റുന്നതിനു ലഭിക്കുന്ന അപേക്ഷകൾ അതാതു മാസം നിലവിൽ തീർപ്പാക്കി വരുന്നുണ്ട്. എ.എ.വൈ. കാർഡുകളുടെ എണ്ണം കേന്ദ്രസർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ഈ വിഭാഗത്തിൽ ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് കാർഡുകൾ തരംമാറ്റി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ